**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 355** **28-10-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ സംരംഭകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എച്ച്. സലാം** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ സ്വകാര്യ സംരംഭകർ നേരിടുന്ന പ്രതിസന്ധിയും തന്മൂലം ഉളവായിട്ടുള്ള തൊഴിൽ നഷ്ടവും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | കശുവണ്ടിയുടെ ആഗോള ഉപഭോഗവും കയറ്റുമതി വിലയും വർദ്ധിച്ചിട്ടും ഈ മേഖലയിൽ പ്രതിസന്ധി രൂക്ഷമാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല ഏകദേശം 2015 മുതൽ പ്രതിസന്ധികൾ നേരിടുന്നു. ആഗോള തലത്തിൽ തോട്ടണ്ടിയുടെ വിലക്കൂടുതലും ദൗർലഭ്യവും മൂലവും കശുവണ്ടി ഉല്പാദനത്തിലും വിപണനത്തിലും വിയറ്റ്നാമിന്റെ വളർച്ചയും ഈ വ്യവസായത്തിലെ ഇന്ത്യയുടെ കുത്തക യായിരുന്ന വ്യവസായത്തെ സാരമായി ബാധിച്ചു. വിയറ്റ്നാം ഉൾപ്പടെയുള്ള രാജ്യങ്ങൾ പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുകയും അതുവഴി സംസ്കരണത്തിന് വലിയ അളവിൽ തോട്ടണ്ടി അവർക്ക് ആവശ്യമായി വരികയും അന്താരാഷ്ട്ര വിപണിയിൽ ലഭ്യമാകുന്ന തോട്ടണ്ടി അവർ പരമാവധി വില നൽകി സംഭരിക്കുവാനും തുടങ്ങിയതിന്റെ ഫലമായി സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യം ഉണ്ടായി. തന്മൂലം തോട്ടണ്ടിക്ക് ഡിമാന്റ് വർദ്ധിക്കുകയും വില വർദ്ധിക്കുകയുമുണ്ടായി. യന്ത്രവത്ക്കരണത്തിലൂടെ വിയറ്റ്നാമിലെ ഉൽപ്പാദന ചെലവ് കേരളത്തിലേതിനേക്കാൾ കുറവായത് കാരണം വലിയ വിലയിൽ തോട്ടണ്ടി സംഭരിച്ചാലും അവർക്ക് നഷ്ടം ഉണ്ടാകുന്നില്ല. എന്നാൽ അന്താരാഷ്ട്ര വിപണിയിൽ നിന്നും വലിയ വിലയ്ക്ക് തോട്ടണ്ടി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുമ്പോൾ ചെലവ് വളരെ കൂടുന്നു. 2016 മുതൽ കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതോടെ പ്രതിസന്ധി വീണ്ടും വർദ്ധിച്ചു. 9.30 % ഇറക്കുമതി ചുങ്കം |

| | | | |
|---|---|---|---|
| | | | ഉണ്ടായിരുന്നത് ഈ അടുത്ത കാലത്ത് 2.5 % ആയി കുറച്ചിട്ടുണ്ട്. മേൽ പ്രതിസന്ധികൾ മൂലം സ്വകാര്യ ഫാക്ടറികൾ അടച്ചിടേണ്ടി വരികയും തൊഴിൽ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലും, മംഗലാപുരത്തും കശുവണ്ടി ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചതോട്ടു കൂടി വടക്കൻ ജില്ലകളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന തോട്ടണ്ടിയുടെ ലഭ്യതയിൽ കുറവു വന്നിട്ടുണ്ട്. ഇറക്കുമതിയുമായി താരതമ്യ പ്പെടുത്തുമ്പോൾ കയറ്റുമതി കുറവായതിനാൽ രൂപയുടെ മൂല്യത്തിനുണ്ടായ ഇടിവും കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചു. ആഭ്യന്തരമായി ഉപഭോഗം വർദ്ധിച്ചതിനാൽ ആഭ്യന്തര വിപണിയിൽ വില മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും അന്താരാഷ്ട്ര വിപണിയെ ആശ്രയിച്ചാണ് ആഭ്യന്തര വിപണിയും നിലനിൽക്കുന്നത്. |
| (സി) | കശുവണ്ടി വ്യവസായ സംരംഭകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ആയതിലൂടെ ഈ മേഖലയിലെ തൊഴിൽ നഷ്ടത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും കർമ്മ പരിപാടി രൂപീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി 2017 ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് കശുവണ്ടി ഉല്പാദക ആഫ്രിക്കൻ രാജ്യങ്ങളായ ഗിനി-ബിസാവോ, ഘാന, മൊസാംബിക്, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ നിന്നും 35000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. പൊതുമേഖലയിൽ പ്രവർത്തി ക്കുന്ന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും പുറമേ സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കു കൂടി തോട്ടണ്ടി ലഭ്യമാക്കുക എന്ന പ്രഥമ പരിഗണനയിലാണ് കേരള കാഷ്യൂ ബോർഡ് പ്രവർത്തിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കും തോട്ടണ്ടി ഇറക്കുമതി ചെയ്ത് വിതരണം ചെയ്യുന്നതിന് കേരള കാഷ്യൂ ബോർഡിന് വേണ്ടി 2021-22 സാമ്പത്തിക വർഷം 35.7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തി നകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007 ൽ സർക്കാർ രൂപീകരിച്ച കേരള കശുമാവ് കൃഷി വികസന ഏജൻസി വഴി അത്യുല്പാദന ശേഷിയുള്ള മേൽത്തരം ഗ്രാഫ്റ്റുകൾ കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി നൽകി, കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, |

| | | | |
|---|---|---|---|
| | | | മുറ്റത്തൊരു കശുമാവ്, മാതൃകാ കശുമാവിൻ തോട്ടം, അതിസാന്ദ്രതാ കൃഷി എന്നീ പദ്ധതകൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ സംരംഭകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടേയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ ബാങ്കുകളുമായി ചർച്ച നടത്തിയതിന്റെ ഫലമായി പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 71 സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20 ലെ പലിശ 9% സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കു ന്നതിന്റെ ഭാഗമായി 21.12.2020-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരി ക്കുന്നതിനും പുനഃക്രമീകരിക്കാനാകാത്ത വായ്പകളിൽ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചു. ബാങ്കുകൾ വ്യവസായികൾക്കെതിരായ റിക്കവറി നടപടികളുമായി മുന്നോട്ടു പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22.09.2021 ന് ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും വ്യവസായികളുടെ പ്രതിനിധി, SLBC പ്രതിനിധി, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവരുടെ പ്രതിനിധികളുമായി യോഗം ചേരുകയും ഒരു മാസത്തിനകം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ഒരു ഫോർമുല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കാഷ്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ഒരു സമവായത്തിൽ എത്തുന്നതുവരെ കശുവണ്ടി വ്യവസായി കൾക്കെതിരായ നടപടികളുമായി ബാങ്കുകൾ മുന്നോട്ടു പോകരുതെന്നും യോഗം തീരുമാനിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ